# MALAYALAM

***(Three hours)***

*(Candidates are allowed additional 15 minutes for only reading the paper.*

*They must NOT start writing during this time.)*

---

*Answer questions **1, 2** and **3** in Section **A** and **four** other questions from Section **B** on **at least three** of the prescribed textbooks.*

*The intended marks for questions or parts of questions are given in brackets [ ].*

---

## SECTION A
## LANGUAGE - 50 Marks

**Question 1**

Write a composition in approximately 400 words in Malayalam on **any ONE** of the topics given below: **[20]**

(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി ഉപന്യസിക്കുക)

(i) അദ്ധ്വാനവും ആത്മാർത്ഥതയുമായിരിക്കണം തൊഴിലിന്റെ മഹത്വം നിർണ്ണയിക്കേണ്ട ഘടകം - വിശകലനം ചെയ്യുക.

(ii) ആധുനിക യുഗത്തിലും സാധാരണ ജനങ്ങളെ ഏറ്റവുമധികം സ്വാധീനിക്കുന്ന മാധ്യമം പത്രം തന്നെയാണ് നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

(iii) പരിസ്ഥിതി സംരക്ഷണത്തിലൂന്നിക്കൊണ്ടുള്ള വികസനം മാത്രമേ ശാശ്വതമായ ഫലം ഉണ്ടാക്കൂ. വസ്തുതകൾ ഉദ്ധരിച്ച് സമർത്ഥിക്കുക.

(iv) മാതൃഭാഷ ചിന്തയുടെ ഏകകമാണ്. ഉപന്യസിക്കുക.

(v) കുടുംബസാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിച്ചാൽ പുരുഷന്മാരേക്കാൾ കഠിനാധ്വാനം ചെയ്യുന്നത് സ്ത്രീകളാണ്. ഈ വിഷയത്തെപ്പറ്റി അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രതികരിക്കുക.

(vi) താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെ ആസ്പദമാക്കി ഒരു കഥ എഴുതുക.

   (a) തലനാരിഴയ്ക്കു രക്ഷപ്പെടുക
   (b) സ്നേഹം

---



© Copyright reserved.

**Question 2**

Read the passage given below carefully and answer in Malayalam the questions that follow, using your own words:

(താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവം വായിച്ച്, ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കു സ്വന്തം വാക്യത്തിൽ ഉത്തരം എഴുതുക)

ഇന്നു പല വീടുകളിലും പ്രകൃതിയുടെ അതിമനോഹരമായ ചിത്രങ്ങൾ ചുമരുകളിൽ പതിപ്പിച്ചിരിക്കുന്നതു കാണാം. ഇതിനർത്ഥം അവർ പ്രകൃതി സൗന്ദര്യം ഇഷ്ടപ്പെടുന്നു എന്നുള്ളതാണല്ലോ. പക്ഷേ അവർ സ്വന്തം തൊടിയിലെ വൃക്ഷങ്ങൾ വെട്ടിമാറ്റുന്നു. കുളങ്ങൾ മൂടുന്നു. പണ്ട് ഗ്രാമങ്ങളിൽ മിക്ക വീടുകളിലും കുളങ്ങളും കാവുകളും ഉണ്ടായിരുന്നു. ഇന്ന് അവ മിക്കവാറും അപ്രത്യക്ഷമായിരിക്കുന്നു. ജനപെരുപ്പം ഇതിനൊരു കാരണമായിരിക്കാം.

മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്. പ്രകൃതിയെ ആശ്രയിച്ചുവേണം അവനു ജീവിക്കാൻ. അതിനാൽ നമ്മുടെ നിലനിൽപ്പിനു ആവശ്യമായതു പ്രകൃതിയിൽ നിന്നെടുക്കാം. എന്നാൽ അതു പ്രകൃതിയുടെ താളലയം തകർക്കാനിടയാക്കാതെ നോക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്.

കടൽത്തീരത്ത് ആമ മുട്ടയിട്ടിരിക്കുന്നതു കണ്ടാൽ പണ്ടുള്ളവർ കുറച്ചു മുട്ട അവിടെ വെച്ചിട്ട് ബാക്കി മാത്രമേ എടുക്കുകയുള്ളു. ഒരു കഥ ഓർമ്മവരുന്നു. അടുത്ത വീട്ടിലെ ചെറുപ്പക്കാരനായ മകൻ കടപ്പുറത്തുകണ്ട മുട്ടകൾ മുഴുവൻ എടുത്തു വീട്ടിലെത്തി. ഇതു കണ്ട അച്ഛൻ അവനെ കർശനമായി ശാസിച്ചുകൊണ്ടു പറഞ്ഞു "നിന്റെ മക്കളെയെല്ലാം ആരെങ്കിലും എടുത്തുകൊണ്ടു പോയാൽ നീ എത്രമാത്രം ദുഃഖിക്കും. അതുപോലെ തന്നെയാണ് ആ ജീവികളുടെ ദുഃഖവും. ഒരു കുഞ്ഞിനെപ്പോലും കിട്ടിയില്ലെങ്കിൽ ആ തള്ള ആമ എത്രമാത്രം വേദനിക്കും. അതിന്റെ തലമുറ നിലനിൽക്കേണ്ടതാവശ്യമാണ്. അതുകൊണ്ട് കുറച്ചു മുട്ട അവിടെ കൊണ്ടു വച്ചിട്ട് വീട്ടിൽ കയറിയാൽ മതി. മകൻ അതനുസരിച്ചു. സ്വന്തം ആവശ്യങ്ങൾ നേടുമ്പോഴും മറ്റുള്ളവരെ വേദനിപ്പിക്കാത്ത ഒരു കാഴ്ചപ്പാട് അന്നുണ്ടായിരുന്നു.

പ്രകൃതിയിലെ എല്ലാ ജീവികളും പരസ്പരം ആശ്രയിച്ചാണ് നിലനിൽക്കുന്നത്. വലിയ ജീവികൾ ചെറിയ ജീവികളെ ആഹാരമാക്കും. അതിനാൽ തന്റെ ന്യായമായ ആവശ്യങ്ങൾ നിറവേറ്റാൻ മാത്രം മനുഷ്യൻ പ്രകൃതിയിൽ നിന്ന് എടുക്കുന്നതിൽ തെറ്റില്ല. എന്നാൽ ഇന്നു മനുഷ്യന്റെ അത്യാഗ്രഹം കാരണം ജീവികളും വൃക്ഷങ്ങളുമെല്ലാം വംശനാശഭീഷണി നേരിടുന്നു. അമിത ചൂഷണംമൂലം പ്രകൃതിയുടെ താളലയം തെറ്റുന്നു. പ്രകൃതിയാകുന്ന കാമധേനു ഇന്നു കറവ വറ്റിയ ഒരു ചാവാലിപ്പശുവിനെപ്പോലെയാകുന്നു.

ജീവിതത്തിൽ നിരവധി തെറ്റുകൾ ചെയ്തിട്ടുള്ള ഒരാൾ മനഃശാസ്ത്രജ്ഞനെ സമീപിച്ചു പറഞ്ഞു. ഡോക്ടറെ എന്റെ പൂർവകാലം വളരെ ഇരുണ്ടതാണ്. ഞാൻ നിരവധി ക്രൂരകൃത്യങ്ങൾ ചെയ്തിട്ടുണ്ട് അതിനാൽ എന്റെ മനഃസാക്ഷി എന്നെ കുത്തി നോവിക്കുന്നു.

ഡോക്ടർ ചോദിച്ചു- അപ്പോൾ നിങ്ങൾ മോഷണവും കൊള്ളയുമെല്ലാം നിർത്താൻ തീരുമാനിച്ചുവോ?

ഹോയ്, ഒരിക്കലുമില്ല. എനിക്കെന്റെ മനസാക്ഷിയെ നിശബ്ദമാക്കാൻ ഒരു വഴി പറഞ്ഞു തന്നാൽ മതി. ഇതുപോലെ നമ്മൾ തെറ്റുതിരുത്താനല്ല, മനസാക്ഷിയെ നിശ്ബ്ദമാക്കാനാണ് ശ്രമിക്കുന്നത്.

അമേരിക്കയിലെ ആദിവാസികളുടെയിടയിൽ ഒരു ചൊല്ലുണ്ട്. ഈ ഭൂമി നമുക്കു പൂർവികരിൽ നിന്നു പൈതൃക സ്വത്തായി കിട്ടിയതല്ല. ഭാവിതലമുറയിൽ നിന്നു നാം കടമെടുത്തതാണ്. അതിനാൽ ഒരു പോറലുമേൽപ്പിക്കാതെ അതു തിരിച്ചു നൽകേണ്ട കടമ നമുക്കുണ്ട്. പണ്ടുള്ളവർ പ്രകൃതിയുമായി ഇണങ്ങി ജീവിച്ചുകൊണ്ടാണ് അവർക്കു അഭിവൃദ്ധിയുണ്ടായത്. ഭൂമിയെ പശുവായി സങ്കൽപിച്ച് അതിനെ കറന്നു വിഭവങ്ങൾ എടുക്കുന്നതായി പുരാണങ്ങളിൽ പറയുന്നുണ്ട്. പശുക്കിടാവിന് ആവശ്യമുള്ളതു നിർത്തിയിട്ടു മാത്രമേ കറന്നെടുക്കുകയുള്ളൂ. മാത്രമല്ല പശുവിനെ പെറ്റമ്മയെപ്പോലെ സ്നേഹിച്ച് സംരക്ഷിക്കുകയും ചെയ്തിരുന്നു. ഇതുപോലെ പ്രകൃതിദേവിയെ പെറ്റമ്മയായി കരുതി സേവിക്കണം. മനഃസ്ഥിതി നന്നായാൽ പരിസ്ഥിതിയും നന്നാകും. മനുഷ്യന്റെ സ്വാർത്ഥത നിറഞ്ഞ മനഃസ്ഥിതി മാറാതെ പരിസ്ഥിതി പ്രശ്നങ്ങൾ തീരില്ല.

(i) ഇന്നത്തെ മനുഷ്യനു ആവശ്യം വേണ്ട ഉത്തരവാദിത്വം എന്താണ്? വിശകലനം ചെയ്യുക. **[4]**

(ii) പണ്ടത്തെ ആളുകൾക്കു പ്രകൃതിയോടുള്ള കാഴ്ചപ്പാട് ഉദാഹരണസഹിതം വിശദമാക്കുക. പിൽക്കാലത്ത് വന്ന മാറ്റം എന്താണ്? **[4]**

(iii) മനഃസാക്ഷിയുടെ നിശബ്ദതയെപ്പറ്റി ലേഖിക പറയുന്നതെന്താണ്? **[4]**

(iv) മനഃസ്ഥിതിയും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി വിശകലനം ചെയ്യുക **[4]**

(v) ഈ ഗദ്യഭാഗത്തിനു ഉചിതമായി ഒരു ശീർഷകം (Title) നൽകി വിശദീകരിക്കുക **[4]**

---

CAREERINDIA

**Question 3**

(a) Correct the following sentences: **[4]**

(തിരുത്തി എഴുതുക)

(i) മഴ പെയ്തപ്പോൾ കരിഞ്ഞ വൃക്ഷങ്ങൾ തളിരിട്ടു

(ii) അയാൾ ആഹാരമൊന്നും കഴിക്കാതെ ഒരു ദിവസം മുഴുവൻ പട്ടിണികിടന്നു.

(iii) മനോഹരമായ കുമാരനാശാന്റെ കവിതകൾ വായനക്കാർക്കു പുതിയ അനുഭവങ്ങൾ നൽകുന്നു.

(iv) രാമനും രവിയും സഹോദരന്മാരാണെങ്കിലും സ്വഭാവത്തിൽ അജഗജാന്തര വ്യത്യാസമുണ്ട്.

(b) Use any three of the following in sentences of your own: **[6]**

(താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണം വാക്യത്തിൽ പ്രയോ

(i) വസ്ത്രംവേലി

(ii) അത്ഭുതപൂർവ്വം

(iii) ആണ്ടും ഞുണ്ണുമില്ലാതെ

(iv) അക്കരപ്പച്ച

## SECTION B
## PRESCRIBED TEXTBOOKS - 50 Marks

*Answer **four** questions from this Section on at least **three** of the prescribed textbooks.*

### ഗദ്യകൈരളി
### (Gadya Kairali)

**Question 4**

"മുതിർന്നവരെക്കണ്ടാണു കുട്ടികൾ പഠിക്കുന്നതെന്നും ഓർക്കുന്നതു നന്ന്"

(i) മകളെപ്പറ്റി എന്തെല്ലാം കാര്യങ്ങളാണ് ടീച്ചർ പറഞ്ഞത്? **[1½]**

(ii) മകൾ ഗൃഹപാഠം ചെയ്യുന്ന രീതി അമ്മയുടെ ശ്രദ്ധയിൽ പതിയുന്നതെങ്ങനെ? **[3]**

(iii) അമ്മ മകളോടു ചോദിച്ച ചോദ്യങ്ങളും അവൾ നൽകുന്ന ഉത്തരങ്ങളും വിവരിക്കുക **[3]**

(iv) കല്ലുവച്ചനുണകൾ എന്ന കഥ നൽകുന്ന സന്ദേശം വിവരിക്കുക **[5]**

www.careerindia.com

## Question 5

ദൃശ്യഭാഷയുടെ സാദ്ധ്യതകൾ കൊമാല എന്ന കഥയിൽ എങ്ങനെ പ്രകടമാകുന്നു എന്നു വിവരിക്കുക **[12½]**

## Question 6

ഹിഗ്വിറ്റ എന്ന കഥയുടെ ധ്വന്യാത്മകത വിലയിരുത്തുക. **[12½]**

# കാവ്യാഞ്ജലി

**(Kavyanjali)**

## Question 7

ഒന്നുമുത്തരം ഓതാതെ

എങ്ങനെ തോന്നും? സർവ-

ജ്ഞനുതൻ നാവിതാരെ-

ങ്ങെങ്ങു നിൽപ്പൂ പരം പുഷ്പം!

(i) ഉത്തരം തോന്നാത്തതിനു കാരണമെന്ത്? **[1½]**

(ii) സൂര്യൻ ഗൗരവമായ് ചോദിച്ചത് എന്ത്? **[3]**

(iii) സൂര്യകാന്തി തന്റെ പാരവശ്യം മറയ്ക്കാൻ ശ്രമിച്ചതെങ്ങനെ? പക്ഷേ അതിന് എന്തു സംഭവിച്ചു? **[3]**

(iv) ജി. ശങ്കരക്കുറുപ്പിന്റെ പ്രേമസങ്കല്പം വിവരിക്കുക. **[5]**

## Question 8

"വരിക സഖിയരികത്തു ചേർന്നു നിൽക്കൂ **[12½]**

പഴയൊരു മന്ത്രം സ്മരിക്ക, നാമന്യോന്യ-

മൂന്നു വടികളായ് നിൽക്കാം

ഹാ! സഫലമീയാത്ര"

ദാമ്പത്യബന്ധത്തിന്റെ സഫലതയാണ് സഫലമീയാത്ര എന്ന കവിത വിവരിക്കുക

## Question 9

വീണപൂവ് എന്ന കവിതയ്ക്കു ഒരാസ്വാദനം തയ്യാറാക്കുക **[12½]**

-----------------------------------------------------------------------------------------------------------

CAREERINDIA

## ഗദ്യകൈരളി
**(Asuravith)**

**Question 10**

"പുറത്തിറങ്ങുമ്പോൾ അമ്മ ചോദിക്കുകയുണ്ടായി."

(i) അമ്മ എന്താണ് ചോദിക്കുന്നത്? [1½]

(ii) ഗോവിന്ദൻ കുട്ടി വെറുപ്പോടെ അമ്മയെ നോക്കുന്നതെന്തുകൊണ്ട്? [3]

(iii) തൂണിലെ മുന കൂർത്ത മുറിവുകളുടെ ചരിത്രം വിവരിക്കുക. [3]

(iv) ഗോവിന്ദൻകുട്ടിയുടെ ഒരു ദിവസം കടന്നു പോകുന്നതെങ്ങനെ? [5]

**Question 11**

ഒരു ദേശത്തിന്റെ ചരിത്രവും കാലഘട്ടത്തിന്റെ രൂപരേഖയുമാണ് എം. ടി യുടെ അസുരവിത്ത്. ചർച്ച ചെയ്യുക. [12½]

**Question 12**

ശേഖരൻ നായർ എന്ന കഥാപാത്രത്തെപ്പറ്റി ഒരു വിലയിരുത്തൽ നടത്തുക [12½]

## ആ മനുഷ്യൻ നീ തന്നെ
**(Aa Manushyan Nee Thanne)**

**Question 13**

കണ്ണു തുറക്കാൻ മാത്രമല്ല, അടയ്ക്കാൻ കൂടിയാണ്.

(i) ഇത് ആര് ആരോട് പറയുന്നതാണ്? ആശയമെന്ത്? [1½]

(ii) യുദ്ധത്തെപ്പറ്റി ഇസഹാക്കിന്റെ കാഴ്ചപ്പാട് എന്താണ്? [3]

(iii) യുദ്ധത്തെപ്പറ്റി ദാവീദ് ഊറിയാവിനു നൽകുന്ന ഉപദേശം എന്ത്? [3]

(iv) രബ്ബ കീഴടക്കാൻ ദാവീദ് ഒരുക്കുന്ന തന്ത്രം വിവരിക്കുക. [5]

**Question 14**

ഊറിയാവിനെ അപായപ്പെടുത്താൻ ദാവീദ് നടത്തുന്ന ശ്രമങ്ങൾ വിവരിക്കുക. [12½]

**Question 15**

പാപത്തിന്റെ കൂലി മരണമാകുന്നതെങ്ങനെ? വിവരിക്കുക. [12½]

------------------------------------------------------------------------------------------------------------